കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

**പ്രൊഫഷണൽ നാടകസംഘങ്ങൾക്കുള്ള കേരള സംഗീത നാടക അക്കാദമിയുടെ രണ്ടുകോടി രൂപ ധനസഹായത്തിന് അപേക്ഷിക്കാനുള്ള തീയ്യതി ജൂൺ 15 വരെ ദീർഘിപ്പിച്ചു**

കേരള സംഗീത നാടക അക്കാദമി പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് നൽകുന്ന രണ്ടു കോടി രൂപ ധനസഹായ പദ്ധതിലേക്ക് അപേക്ഷിക്കാനുള്ള തീയ്യതി ജൂൺ 15 വരെ നീട്ടി. ഈ പദ്ധതിയുടെ ഭാഗമായി നാല് ലക്ഷം രൂപ വീതം ആകെ രണ്ടു കോടി രൂപയായിരിക്കും 50 പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് അക്കാദമി നൽകുക. ധനസഹായത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള പ്രൊഫഷണൽ നാടകസംഘം, അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന നാടകത്തിന്റെ അഞ്ചു കോപ്പിയും മറ്റ് അനുബന്ധരേഖകളും സഹിതം അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെ ഒപ്പോടുകൂടി ജൂൺ 15 ന് വൈകീട്ട് അഞ്ചിനകം അക്കാദമിയിൽ സമർപ്പിക്കണം. ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ ധനസഹായത്തിനായി പരിഗണിക്കുന്നതല്ല. നാടകത്തിന്റെ അവതരണ ദൈർഘ്യം ഒന്നരമണിക്കൂറിനും രണ്ടരമണിക്കൂറിനും ഇടയിലായിരിക്കണം. ധനസഹായത്തിനായി അർഹരാകുന്ന പ്രൊഫഷണൽ നാടകസംഘങ്ങൾ, അവരുടെ തെരഞ്ഞെടുത്ത നാടകം അക്കാദമി നിർദ്ദേശിക്കുന്ന രണ്ട് വേദികളിൽ അവതരിപ്പിക്കണം. അങ്ങനെ 50 പ്രൊഫഷണൽ നാടകങ്ങളുടെ രണ്ട് അവതരണങ്ങൾ വീതം നടത്തുന്നതിന് അക്കാദമി പ്രത്യേക നാടകോത്സവങ്ങൾ സംഘടിപ്പിക്കും. ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങൾ, അക്കാദമിയുടെ വേദിയിലെ അവതരണങ്ങൾക്കുശേഷം മാത്രമേ പുറത്തെ വേദികളിൽ അവതരണം നടത്താവൂ എന്ന നിബന്ധനയിൽ ഇളവ് വരുത്തിയതായി അക്കാദമി സെക്രട്ടറി ജനാർദ്ദനൻ കെ അറിയിച്ചു.